**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 953** **09-10-2024 - ൽ മറുപടിയ്ക്ക്**

**പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതിക സംരക്ഷണം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതിക സംരക്ഷണത്തിന്റെ ഭാഗമായി നിശ്ചയിക്കപ്പെട്ട ഇക്കോ സെൻസിറ്റീവ് ഏരിയ (ഇ.എസ്.എ.), ബഫർ സോൺ എന്നിവ സംബന്ധിച്ച ബഹു.സുപ്രീംകോടതി വിധി അനുസരിച്ച് കേരളത്തിലെ ഏതൊക്കെ പ്രദേശങ്ങളെയാണ് ബാധിക്കുന്നതെന്ന ജില്ലതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | ബഹു. സുപ്രീം കോടതിയുടെ WP(C)202/1995 നമ്പർ കേസിലെ IA131377/2022 ൽ 26.04.2023-ൽ പുറപ്പെടുവിച്ച വിധി പ്രകാരം സംരക്ഷിതപ്രദേശങ്ങൾക്ക് (വന്യജീവി സങ്കേതങ്ങളും ദേശീയോദ്യാനങ്ങളും) ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ (ESZ) നിർണ്ണയിക്കുമ്പോൾ ഏകീകൃത രീതിയിൽ നിശ്ചിത ദൂരത്തിൽ പ്രഖ്യാപിക്കാൻ കഴിയില്ലായെന്നും ഓരോ സംരക്ഷിത പ്രദേശങ്ങൾക്കനുസൃതമായ രീതിയിൽ മാത്രമേ ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിക്കാവൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇക്കോ സെൻസിറ്റീവ് സോണിൽ ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ടുള്ള പ്രൊപ്പോസലുകളാണ് കേരളം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. ആയത് അംഗീകരിച്ചു കിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ ഒന്നും തന്നെ ജനങ്ങളുടെ ദൈനംദിന ജീവിതത്തെ ദോഷകരമായി ബാധിക്കുന്ന വയല്ല. പശ്ചിമ ഘട്ടത്തിലെ പാരിസ്ഥിതിക സംവേദ പ്രദേശങ്ങളുടെ സംരക്ഷണത്തിനായി കേന്ദ്ര സർക്കാർ നിയോഗിച്ച ഡോ. കസ്തൂരി രംഗൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച കരട് റിപ്പോർട്ടുമായി ബന്ധപ്പെട്ട് സുപ്രീം കോടതി വിധിയുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.<br><br>പശ്ചിമ ഘട്ടത്തിലെ പാരിസ്ഥിതിക സംവേദ പ്രദേശങ്ങളുടെ സംരക്ഷണത്തിനായി കേന്ദ്ര |

| | | | |
|---|---|---|---|
| | | | സർക്കാർ നിയോഗിച്ച ഡോ. കസ്തൂരി രംഗൻ കമ്മിറ്റി യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച കരട് റിപ്പോർട്ടുമായി ബന്ധപ്പെട്ട് സുപ്രീം കോടതി വിധിയുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | ഇത് മലയോര മേഖലയിലെ ജനങ്ങളെ ഏതൊക്കെ തരത്തിലാണ് ബാധിക്കാൻ സാധ്യതയുള്ളത്; വിശദമാക്കുമോ; | (ബി) | ജനവാസമേഖലകളെ ഒഴിവാക്കിയുള്ള നിലവിലെ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ ഒന്നും തന്നെ മലയോര മേഖലയിലെ ജനങ്ങളുടെ ദൈനംദിന ജീവിതത്തെ ദോഷകരമായി ബാധിക്കുന്ന വയല്ല എന്ന് കാണുന്നു. |
| (സി) | ഇ.എസ്.എ, ബഫർ സോൺ എന്നിവയുടെ ദൂരപരിധി സംബന്ധിച്ച സംസ്ഥാനത്തിന്റെ നിർദ്ദേശം കേന്ദ്ര-വനം-പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയിട്ടുണ്ടോ; ഇതിന്മേൽ എന്ത് തീരുമാനമാണ് വന്നിട്ടുള്ളത്; | (സി) | സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിക്കുമ്പോൾ ഏകീകൃതരീതിയിൽ നിശ്ചിത ദൂരത്തിൽ പ്രഖ്യാപിക്കാൻ കഴിയില്ലായെന്നും ഓരോ സംരക്ഷിത പ്രദേശങ്ങൾക്കുമനുസൃതമായ രീതിയിൽ മാത്രമേ ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിക്കാവൂ എന്നും ബഹു. സുപ്രീം കോടതി 26-04-2023 ലെ ഉത്തര വിൽ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ടുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകളാണ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്.ഇതിന്മേൽ തീരുമാനം ലഭ്യമായിട്ടില്ല. ആയത് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയം പരിശോധിച്ചു വരുന്നു.<br><br>ഇ.എസ്.എ സംബന്ധിച്ച് ദൂര പരിധി എന്ന പരിമാത്ര ഇല്ല. |
| (ഡി) | മലയോര മേഖലയിലെ ജനങ്ങളുടെ കുടിയിറക്കത്തിന് കാരണമായേക്കാവുന്ന ഈ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെ ഒഴിവാക്കിക്കൊണ്ട് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്ന തിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയേയും സമീപിക്കണമെന്ന് കേന്ദ്ര വനം, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>ഓരോ സംരക്ഷിത പ്രദേശങ്ങൾക്കുമനുസൃതമായി സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെ ഒഴിവാക്കിക്കൊണ്ട് കേന്ദ്ര വനം, പരിസ്ഥിതി, |

| | | | |
|---|---|---|---|
| | | | കാലാവസ്ഥാ വ്യതിയാന വകുപ്പിന് സമർപ്പിച്ചിട്ടുള്ള പ്രപ്പോസലുകൾ അംഗീകരിച്ചു ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ